I ഇ.ബി. XV - കേരള നിയമസഭ/X-5

# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2024 ഫെബ്രുവരി 01, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I **തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 5124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 5124-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### വണ്ടിപ്പെരിയാർ കേസ്

മി. സ്പീക്കർ: വണ്ടിപ്പെരിയാറിൽ ആറ് വയസ്സുകാരിയായ പിഞ്ചുകുഞ്ഞിനെ മൃഗീയമായി പീഡിപ്പിച്ചുകൊന്ന കേസിൽ പോലീസിന്റെയും പ്രോസിക്യൂഷന്റെയും വീഴ്ചയെത്തുടർന്ന് പ്രതി കുറ്റവിമുക്തനാക്കപ്പെട്ട സംഭവം കേരള സമൂഹത്തിൽ ഉളവാക്കിയിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷനിൽ പോക്സോ നിയമത്തിലെയും ഇന്ത്യൻ പീനൽ കോഡിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 598/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതിയായ അർജ്ജുനനെതിരെ അന്വേഷണം പൂർത്തിയാക്കി കട്ടപ്പന പ്രത്യേക പോക്സോ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചെങ്കിലും വിചാരണ നടപടികൾ പൂർത്തിയാക്കി പ്രതിയെ വെറുതെവിട്ട് ഉത്തരവായിട്ടുണ്ട്. ആ ഉത്തരവിനെതിരെ ഹൈക്കോടതി മുമ്പാകെ സർക്കാർ

ഫയൽ ചെയ്ത അപ്പീൽ കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ സാധിക്കില്ല.

ശ്രീ. സണ്ണി ജോസഫ്: വണ്ടിപ്പെരിയാറിലെ ആറ് വയസ്സുകാരിയായ പിഞ്ചുകുഞ്ഞിനെ ക്രൂരമായി പീഡിപ്പിച്ചുകൊന്ന കേസിലെ പ്രതിയെ നിരുപാധികം വിട്ടയച്ച സംഭവം ഖേദകരമാണ്. വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 598/2021 ആയി ചാർജ്ജ് ചെയ്യപ്പെട്ട കേസിന്റെ അന്വേഷണത്തിലുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചകളും പോരായ്മകളും വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ചുരക്കുളം എസ്റ്റേറ്റ് ലയത്തിൽ കളിക്കുന്നതിനിടയിൽ കഴുത്തിൽ ഷാൾ കുരുങ്ങി കുട്ടി മരിച്ചതാണെന്നും മരണത്തിൽ ദുരൂഹതയില്ലെന്നും സ്റ്റേഷൻ ഹൗസ് ഓഫീസർ വെളിപ്പെടുത്തിയിരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് എസ്.എച്ച്.ഒ. പീഡനവും കൊലപാതകവും അംഗീകരിച്ചത്. ദൃക്സാക്ഷികളില്ലാത്ത പ്രസ്തുത കേസ് സാഹചര്യ തെളിവുകൾ ശേഖരിച്ച് കോടതിയിൽ സമർപ്പിച്ച് പ്രതിക്ക് ശിക്ഷ വാങ്ങി കൊടുക്കുന്നതിൽ പോലീസ് പരാജയപ്പെട്ടിരിക്കുന്നു. ഇത് ആത്മഹത്യയല്ല കൊലപാതകമാണെന്ന് വിധിന്യായത്തിൽ കോടതി ആവർത്തിച്ച്

പറഞ്ഞിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തെത്തിയത് പിറ്റേദിവസമായതിനാൽ തൊണ്ടിമുതലുകൾ ശേഖരിക്കുന്നതിൽ കാലതാമസമുണ്ടാക്കുക മാത്രമല്ല അവ പായ്ക്ക് ചെയ്യുകയോ സീൽ ചെയ്യുകയോ ചെയ്യാതെ കൈവശം സൂക്ഷിച്ചത് തെളിവുകൾ നശിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തു. ഫിംഗർ പ്രിന്റ് ലഭിക്കാൻ പ്രയാസമാണെന്ന് കാണിച്ച് ഫിംഗർ പ്രിന്റ് എക്സ്പെർട്ട് അന്വേഷണോദ്യോഗസ്ഥന് നൽകിയ കത്ത് കോടതിയിൽ ഹാജരാക്കിയിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥൻ ബുദ്ധിപരമായ നിലപാടുകളോ സത്യസന്ധതയോ പാലിക്കാതെ പ്രതിയെ സഹായിക്കാൻ തെറ്റായ രൂപത്തിലുള്ള അന്വേഷണമാണ് നടത്തിയതെന്നാണ് കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ഈ കുറ്റകൃത്യത്തിന് കൂട്ടുനിന്ന അന്വേഷണോദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുകയും കേസ് പുനരന്വേഷണത്തിന് ഉത്തരവിടുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നു. അടിയന്തരസ്വഭാവമുള്ള ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയായ പിഞ്ചുകുഞ്ഞിനെ മൃഗീയമായി പീഡിപ്പിച്ച് കൊന്ന കേസ് കോടതിയുടെ പരിഗണനയിലാണ്. ഈ കേസുമായി ബന്ധപ്പെട്ട്

വകുപ്പുതല പരിശോധനയും അന്വേഷണവും നടന്നുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകളോ വീഴ്ചകളോ സംഭവിച്ചാൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർക്കശമായ നടപടിയുണ്ടാകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷാംഗങ്ങൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III **ശ്രദ്ധക്ഷണിക്കൽ**

(1) <u>ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം</u>

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ പ്രവാസികൾക്കും പ്രദേശവാസികൾക്കും തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള മറ്റിതര സംസ്ഥാനങ്ങളിലെ തീർത്ഥാടകർക്കും ശബരിമലയിലേയ്ക്കും മാരാമൺ കൺവെൻഷൻ

സെന്ററിലേയ്ക്കും മറ്റും എത്തിച്ചേരുന്നതിന് ഏറെ ഗുണകരമായ ശബരിമല വിമാനത്താവളത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചും അനുമതികൾ ലഭ്യമാക്കിയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ശബരിമല വിമാനത്താവള പദ്ധതിക്കാവശ്യമായ സൈറ്റ് ക്ലിയറൻസും ഡിഫൻസ് ക്ലിയറൻസും ലഭ്യമായിട്ടുള്ളതും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്നും സുരക്ഷാ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ശബരിമല വിമാനത്താവളവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് തയ്യാറാക്കിയ അന്തിമ സാമൂഹികാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശ പരിഗണിച്ചുകൊണ്ട് 2570 ഏക്കറോളം ഭൂമി വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കേന്ദ്രത്തിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ശബരിമല വിമാനത്താവള നിർമ്മാണം പൂർത്തിയാക്കുന്നതാണ്.

(2) സംസ്ഥാനത്തെ ജാതി സെൻസസ്

ഡോ. എം. കെ. മുനീർ: ഭരണഘടനയുടെ 105-ാം ഭേദഗതി അനുസരിച്ച് സംസ്ഥാന സർക്കാരിന് സോഷ്യോ ഇക്കണോമിക് സെൻസസ് എടുക്കാനുള്ള അവകാശമുണ്ടായിരിക്കെ ജാതി സെൻസസുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണെന്നുള്ള നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യ സാമ്പത്തികാവസ്ഥ മനസ്സിലാക്കുന്നതിനും ജാതി സെൻസസ് എടുക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. സാമൂഹ്യനീതി മുൻനിറുത്തിക്കൊണ്ടും ജനക്ഷേമകരമായ പ്രവർത്തനങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും എത്തിക്കുന്നതിനുംവേണ്ടി ജാതി സെൻസസ് നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): 2011-ലെ സെൻസസ് വിവരങ്ങൾ കൈമാറണമെന്ന് സംസ്ഥാന സർക്കാർ

ആവശ്യപ്പെട്ടെങ്കിലും കേന്ദ്രസർക്കാർ അതിനുപകരം 105-ാം ഭരണഘടനാ ഭേദഗതിയിലൂടെ സംസ്ഥാന സർക്കാരുകൾക്ക് ജാതി സെൻസസ് നടത്താനുള്ള അനുമതി നല്കുകയാണുണ്ടായത്. ജാതി സെൻസസ് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള ഹർജികളിന്മേൽ ഉത്തരവുണ്ടാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. മുഴുവൻ ജനവിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

## IV സബ്മിഷൻ

### (1) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ജലം ലഭ്യമാക്കൽ

ശ്രീ. കെ. ബാബു (നെന്മാറ): പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ഈ ജലവർഷത്തിൽ കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കാൻ അടിയന്തര ഇടപെടലുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന് അർഹതപ്പെട്ട ജലം 2023-24 ജലവർഷത്തിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സർക്കാർ/ഉദ്യോഗസ്ഥതലങ്ങളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ കൃഷി, ശുദ്ധജല ആവശ്യങ്ങൾക്കുള്ള ജലത്തിന്റെ കണക്ക് അവതരിപ്പിക്കുകയും ചീഫ് സെക്രട്ടറിതലത്തിൽ

കത്തുകൾ കൈമാറുകയും ചെയ്തെങ്കിലും അനുകൂല നിലപാട് സ്വീകരിക്കാൻ തമിഴ്നാട് തയ്യാറായിട്ടില്ല. കഴിഞ്ഞ ദിവസം മന്ത്രിസഭാ യോഗം ഇക്കാര്യം പരിഗണിക്കുകയും തുടർനടപടികൾ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) പരവൂർ കോടതിയിലെ എ.പി.പി.-യുടെ ആത്മഹത്യ

ശ്രീ. ജി. എസ്. ജയലാൽ: പരവൂർ മുൻസിഫ്/മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ അനീഷ്യയുടെ ആത്മഹത്യയ്ക്ക് കാരണക്കാരായവരെ കണ്ടെത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പരവൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ അനീഷ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് പരവൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും കൊല്ലം ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരികയും ചെയ്യുന്നു. അനീഷ്യയുടേതെന്ന് കരുതുന്ന ഡയറിക്കുറിപ്പ്, ശബ്ദരേഖ എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പരിശോധനകൾ നടന്നുവരികയുമാണ്. വകുപ്പുതല അന്വേഷണത്തിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനെ

ചുമതലപ്പെടുത്തുകയും ആരോപണവിധേയരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(3) പൈവളിഗെയിൽ പോലീസ് സ്റ്റേഷൻ

ശ്രീ. എ. കെ. എം. അഷ്റഫ്: മഞ്ചേശ്വരം താലൂക്കിലെ പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ടി വില്ലേജിൽപ്പെട്ട 30 സെന്റ് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്. മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി വിഭജിച്ച് പൈവളിഗെ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(4) ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. രമേശ് ചെന്നിത്തല: ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഹരിപ്പാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നുംരണ്ടും ഘട്ട പ്രവൃത്തികളുടെ ഭാഗമായി ജലശുദ്ധീകരണശാല, കിണർ, പമ്പ്ഹൗസ്, ജലസംഭരണി എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മുല്ലശ്ശേരിക്കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെയുള്ള റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി നടത്താൻ കഴിയാത്തതിനാൽ രണ്ടാംഘട്ടത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും പൂർത്തീകരിക്കാൻ സാധിച്ചില്ല. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനായി 568.43 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ രണ്ട് പ്രവൃത്തികളിൽ ഒന്ന് ആരംഭിക്കുകയും രണ്ടാമത്തെ പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ ഭൂഗർഭ ജലവിതാനം താഴ്ന്ന പശ്ചാത്തലത്തിൽ പുതിയ കുഴൽക്കിണറുകൾ നിർമ്മിക്കുകയും ഇവ നിലവിലുള്ള ജലവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. ഹരിപ്പാട് സമഗ്ര

കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ക്രോഡീകരിക്കുന്നതിന് ഡിപ്പാർട്ടുമെന്റുതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എൻ. കെ. അക്ബർ: ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ബീഡി ഇവിടെ വിൽക്കുന്നത് തടയുന്നതിന് സംസ്ഥാന നികുതി വകുപ്പ് കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. മതിയായ രേഖകളില്ലാതെ ഇതരസംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി ബീഡികൾ കൊണ്ടുവരുന്നതും വിപണനം നടത്തുന്നതും കണ്ടെത്തി ജി.എസ്.ടി. നിയമപ്രകാരം നികുതിയും പിഴയും ചുമത്തുന്നുണ്ട്.

(6) മുസ്ലീം സമുദായ സംവരണത്തിലെ കുറവ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മുസ്ലീം വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സാമുദായിക സംവരണത്തിൽ കുറവ് വരാതെ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ മുസ്ലീം വിഭാഗത്തിനോ മറ്റേതെങ്കിലും സാമൂഹിക വിഭാഗത്തിനോ നിലവിലുള്ള സംവരണത്തിൽ കുറവ് വരാത്ത രീതിയിൽ മാത്രമേ ഭിന്നശേഷി സംവരണം നടപ്പാക്കുകയുള്ളൂ. 4 ശതമാനം ഭിന്നശേഷി സംവരണം ഔട്ട് ഓഫ് ടേൺ ആയി നടപ്പാക്കുന്നതിനാൽ നിലവിലുള്ള സാമുദായിക സംവരണത്തെ ഇത് ബാധിക്കുന്നില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപ്രകാരം ഭിന്നശേഷി സംവരണം ഇൻടേണായി നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതുസംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, നിയമം എന്നീ വകുപ്പുകളുമായി കൂടിയാലോചന നടത്തിയശേഷം പി.എസ്.സി.-യുടെ ഉപദേശം തേടിയിരിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

(7) മനയ്ക്കച്ചിറ ടൂറിസം പദ്ധതി

ശ്രീ. ജോബ് മൈക്കിൾ: മനയ്ക്കച്ചിറ ടൂറിസം പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ മനയ്ക്കച്ചിറ വിനോദ സഞ്ചാര പദ്ധതിക്കായി ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിരുന്നു. Renovation of compound wall, walkway with rain shelters എന്നീ ഘടകങ്ങൾ പൂർത്തിയാക്കി ടി പദ്ധതി കോട്ടയം ജില്ലാ പ്രൊമോഷൻ കൗൺസിലിന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി വരുമാനം പങ്കുവയ്ക്കുന്ന വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്താനാകുമോയെന്ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വിനോദസഞ്ചാര വികസന കോർപ്പറേഷനോട് ആരാഞ്ഞിട്ടുണ്ട്. മനയ്ക്കച്ചിറ വിനോദസഞ്ചാര പദ്ധതിയുടെ വിപുലീകരണ സാധ്യതകൾ പരിശോധിച്ചുവരികയാണ്.

(8) കുന്നംകുളം കലശമല ഇക്കോ ടൂറിസം വില്ലേജ്

ശ്രീ. എ. സി. മൊയ്തീൻ: കലശമല വിനോദസഞ്ചാര പദ്ധതിയുടെ ഭരണാനുമതി പുതുക്കി നൽകാനും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കലശമലയിലെ വിനോദസഞ്ചാര വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ 10 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും അതിനായുള്ള

നടപടികൾ പുരോഗമിക്കുകയുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹികാഘാതപഠനം പൂർത്തിയാക്കിയിട്ടുണ്ട്. ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കാൻ 12 കോടിയിൽപ്പരം രൂപ പ്രതീക്ഷിക്കുന്നതിനാൽ പുതുക്കിയ ഭരണാനുമതിക്കുള്ള നടപടികൾ പരിഗണനയിലാണ്.

(9) തിരുവനന്തപുരം-പൊന്മുടി റോഡ് നവീകരണം

ശ്രീ. ജി. സ്റ്റീഫൻ: തിരുവനന്തപുരം-പൊന്മുടി റോഡിന്റെ മുടങ്ങിക്കിടക്കുന്ന പണികൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പഴകുറ്റി മുതൽ പൊന്മുടി വരെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് വികസിപ്പിക്കുന്നതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. റോഡ് നവീകരണ പ്രവർത്തനത്തിൽ പുരോഗതി ഉണ്ടാകാത്തതിനെ തുടർന്ന് കരാറുകാരനെ ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചിരുന്നെങ്കിലും 17-01-2024 മുതൽ പ്രവൃത്തി പുനരാരംഭിച്ചതിനാൽ പുരോഗതി വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ കോൺട്രാക്ട് വ്യവസ്ഥ പ്രകാരം കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) കീഴ്പ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ്

ശ്രീ. സണ്ണി ജോസഫ്: കീഴ്പ്പള്ളി സി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് അനുവാദം ലഭ്യമാക്കാനും പേരാവൂർ താലൂക്കാശുപത്രിയിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ പുനർനിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നിലവിലെ ഉത്തരവുപ്രകാരം നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന താലൂക്കാശുപത്രി മുതൽ മുകളിലോട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും ധാരണപ്രകാരം മാനദണ്ഡങ്ങൾ പാലിക്കുന്ന സി.എച്ച്.സി.-കളിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കാൻ കഴിയുമോ എന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പേരാവൂർ താലൂക്കാശുപത്രിയിലെ കെട്ടിട നിർമ്മാണത്തിന് ധനവകുപ്പിന്റെ അനുമതി തേടി വർക്ക് ഉടൻതന്നെ അവാർഡ് ചെയ്യുന്നതാണ്. ഇരിട്ടി താലൂക്കാശുപത്രിയിലെ നിർമ്മാണ പ്രവൃത്തികൾ അടുത്ത മാസം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

താഴെ പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയൊന്ന് മുതൽ നാൽപ്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

(2) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ ഇരുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്.

## VI നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം

നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്ത് വയ്ക്കുന്നു.

**ക്രമപ്രശ്നം**

(1) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിൽ മൂലനിയമത്തിലെ 337-ാം വകുപ്പിനുപകരമുള്ള പുതിയ വകുപ്പിൽ പൊതു അഴുക്കുചാലുകൾ, പൊതുസ്ഥലം, ജലാശയങ്ങൾ, ജലമാർഗ്ഗം എന്നിവിടങ്ങളിലേയ്ക്ക് തൊഴുത്ത്, ഹോട്ടൽ, റസ്റ്റോറന്റ്, വ്യവസായ സ്ഥാപനം, ആശുപത്രി അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള മലിനജലം, ഒഴുക്കിയാൽ സെക്രട്ടറിക്ക് കുറ്റക്കാരനെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും 5000 രൂപയിൽ കുറയാത്തതും 50000 രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ 2018-ൽ വരുത്തിയ ഭേദഗതി പ്രകാരം ഇതേ കുറ്റത്തിന് മൂന്നുവർഷത്തിൽ അധികരിക്കാത്ത തടവിനും പരമാവധി രണ്ടുലക്ഷം രൂപ പിഴയ്ക്കും അർഹനാണെന്ന് പറഞ്ഞിട്ടുണ്ട്. മറ്റൊരു നിയമത്തിൽ വ്യവസ്ഥ

ചെയ്തിരിക്കുന്നതിനേക്കാൾ കുറഞ്ഞ ശിക്ഷ ഭേദഗതി ബില്ലിൽ നിർദ്ദേശിക്കുന്നത് ക്രമപ്രകാരമാണോയെന്ന് പരിശോധിക്കണം.

(2) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ അപാകത

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ ക്ലോസ് 6 പ്രകാരം പുതിയതായി ചേർക്കുന്ന വകുപ്പ് 219 എഡി 5-ൽ പറഞ്ഞിരിക്കുന്നത് "യൂസർ ഫീസ് അടയ്ക്കാൻ വീഴ്ച വരുത്തുന്ന ആളിനെതിരെ സ്വീകരിക്കാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, യൂസർഫീസ് അടയ്ക്കുന്നതുവരെ അത്തരത്തിൽ വീഴ്ച വരുത്തിയ ആളിന് ഗ്രാമപഞ്ചായത്തിൽനിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണ്" എന്നാണ്. യൂസർ ഫീസ് അടച്ചില്ലെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുന്നതിനുപകരം പഞ്ചായത്തിൽനിന്ന് ഏതൊരു സേവനവും നൽകില്ലെന്ന് പറയുന്നത് ഭരണഘടനയിലെ ആർട്ടിക്കിൾ 21-ന്റെ ലംഘനമാണ്. അത് നീക്കം ചെയ്യണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): രണ്ട് തടസ്സവാദങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ശിക്ഷാ വ്യവസ്ഥ 2003-ലെ

കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലാശയങ്ങളിലേയ്ക്കും കനാലുകളിലേയ്ക്കും പുഴകളിലേയ്ക്കും അരുവികളിലേയ്ക്കും മാലിന്യം നിക്ഷേപിക്കുകയും ഒഴുക്കുകയും ചെയ്യുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ശിക്ഷാ വ്യവസ്ഥയേക്കാൾ കുറവാണെന്നാണ് തടസ്സവാദമുന്നയിച്ചിരിക്കുന്നത്. ഓരോ നിയമവും സ്വതന്ത്രമാണ് എന്നുള്ളതുകൊണ്ടുതന്നെ അതത് മേഖലകളിൽ നടപ്പാക്കാനുദ്ദേശിച്ചുകൊണ്ടാണ് വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. ഒരു നിയമത്തിലെ ശിക്ഷാ വ്യവസ്ഥയെ ലഘൂകരിക്കാനോ അതിന് വിരുദ്ധമായ വ്യവസ്ഥ കൊണ്ടുവരാനോ ഉദ്ദേശിച്ചുകൊണ്ടല്ല ടി ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ബഹുമാന്യനായ അംഗം ഉന്നയിച്ച തടസ്സവാദത്തിന്റെ ഉള്ളടക്കത്തെ നിഷേധിക്കുന്നില്ല. ശിക്ഷാ വ്യവസ്ഥ സംബന്ധിച്ച് വിഷയനിർണ്ണയ സമിതിയിലും സഭയിലും വിശദമായി ചർച്ച ചെയ്യാവുന്നതാണ്. 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിൽ 219 എഡി (5)-ൽ പറയുന്ന വ്യവസ്ഥയിലൂടെ ശുചിത്വം ഉറപ്പുവരുത്താനും പരിസരം മാലിന്യമുക്തമാക്കാനുമുള്ള സമീപനം സ്വീകരിക്കുന്നതിന്റെ ഭാഗമായി യൂസർ ഫീസ് നിർബന്ധിതമാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

പൗരന്മാരോടുള്ളതുപോലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൗരന്മാർക്കും കടമ നിഷ്കർഷിച്ചുകൊണ്ടുള്ള വ്യവസ്ഥകളാണ് ബില്ലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ബില്ലുകളുടെ ഉദ്ദേശശുദ്ധിയുടെ അടിസ്ഥാനത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

## 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയിലെ അപാകതകൾ

മി. സ്പീക്കർ: 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ ഖണ്ഡം 6 പ്രകാരം മൂലനിയമത്തിൽ കൂട്ടിച്ചേർക്കുന്ന വകുപ്പ് 219 എഡി (5)-ന്റെ ഭരണഘടനാ സാധുതയും 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ ഖണ്ഡം 15 പ്രകാരം മൂലനിയമത്തിൽ പകരം ചേർക്കുന്ന 337-ാം വകുപ്പിന്റെ സാധുതയും സംബന്ധിച്ച് ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങളും വകുപ്പുമന്ത്രിയുടെ വിശദീകരണവും പരിശോധിച്ചു.

ബില്ലിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി വിശദമായി പരിശോധിക്കുമെന്ന് കരുതുന്നു. ക്രമപ്രശ്നങ്ങളിലൂടെ ബില്ലിലെ വ്യവസ്ഥകൾക്ക് കൂടുതൽ ശക്തി പകരുവാനുതകുന്ന നിർദ്ദേശങ്ങൾ നൽകിയ അംഗങ്ങളെ അഭിനന്ദിക്കുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ബ്രഹ്മപുരം മാലിന്യപ്ലാന്റ് തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ 'മാലിന്യമുക്ത നവകേരളം' എന്ന ലക്ഷ്യപ്രാപ്തിയിലെത്താനുള്ള നടപടികൾ സർക്കാർ വേഗത്തിലാക്കുകയും അടിയന്തര കർമ്മപദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് നിയമഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. മാലിന്യ സംസ്കരണമെന്ന ഉത്തരവാദിത്വം നിറവേറ്റാൻ വീഴ്ചവരുത്തുന്ന മാലിന്യ ഉല്പാദകരിൽ നിന്നും കൂടിയ പിഴതുക ഈടാക്കാനും ജയിൽശിക്ഷ ഉൾപ്പെടെ നൽകാനും ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കുറ്റാരോപിതനായ വ്യക്തിയെ കേട്ടശേഷം നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അധികാരം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷനെ അറിയിച്ചശേഷം തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും രണ്ടുലക്ഷം രൂപയിൽ കവിയാത്ത തുക ചെലവഴിക്കാനുള്ള അധികാരവും സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങളില്ലാത്ത സ്വന്തമായി ഭൂമിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത ഭൂമിയിൽ മാലിന്യസംസ്കരണ പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതും സ്വന്തമായി ഭൂമിയില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മാലിന്യ സംസ്കരണത്തിന് സ്വകാര്യഭൂമി കണ്ടെത്താൻ ഉത്തരവാദിത്തമുണ്ടായിരിക്കുന്നതുമാണ്. നൂറിൽ കൂടുതൽപേർ പങ്കെടുക്കുന്ന പൊതുപരിപാടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മുൻകൂട്ടി അറിയിക്കുകയും അവർ നിശ്ചയിക്കുന്ന ഫീസൊടുക്കി മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസിയെ ഏൽപ്പിക്കേണ്ടതുമാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും പിഴത്തുക, സി.എസ്.ആർ. ഫണ്ട്, സംഭാവനകൾ എന്നിവ പ്രയോജനപ്പെടുത്തി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും കാര്യശേഷി വികസനത്തിനും ഉപയോഗിക്കാവുന്ന

രീതിയിൽ മാലിന്യ സംസ്കരണ ഫണ്ട് രൂപീകരിക്കേണ്ടതാണ്. നിയമലംഘനങ്ങൾ തെളിവുസഹിതം ചൂണ്ടിക്കാണിക്കുന്ന പൊതുജനങ്ങൾക്ക് പിഴത്തുകയുടെ നാലിലൊരു ഭാഗം പാരിതോഷികമായി നൽകുന്നതാണ്. കടകളുടെ ചുറ്റുപാട് വൃത്തിയായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം കച്ചവടക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും നിയമവിരുദ്ധമായി ദ്രവമാലിന്യം കൊണ്ടുപോകുന്ന വാഹനങ്ങൾ കണ്ടുകെട്ടാനും ബില്ലിലൂടെ ശിപാർശ ചെയ്യുന്നുണ്ട്. ശുചിത്വ കേരളത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് വിലപ്പെട്ട നിർദ്ദേശങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീമതി ഉമ തോമസ്: I move that-

" This House resolves to disapprove The Kerala Municipality (Amendment) Ordinance, 2023 (Ordinance No.3 of 2023)" .

മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനും മതിയായ സൗകര്യമേർപ്പെടുത്താതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കനത്തപിഴ ചുമത്തുന്നത് ഉചിതമല്ല. യൂസർഫീ അടയ്ക്കുന്നതിന് വീഴ്ചവരുത്തുന്ന വ്യക്തിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സേവനം നൽകുന്നത് വിലക്കുന്നതിന് സെക്രട്ടറിക്ക് അധികാരം നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. ജൈവമാലിന്യങ്ങൾ

ശരിയായ രീതിയിൽ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങളുടെ ഉത്പാദനം കുറയ്ക്കുകയും ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. മാലിന്യ സംസ്കരണ ഉത്തരവാദിത്വം കാര്യക്ഷമമായി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് പര്യാപ്തമാണോയെന്ന് പരിശോധിക്കുകയും മാലിന്യ സംസ്കരണം ഒരു സംസ്കാരമായി ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും കഴിയണം. ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിലെ മാലിന്യ സംസ്കരണം ശാസ്ത്രീയവും കുറ്റമറ്റതുമാക്കുന്നതോടൊപ്പം ബയോളജിക്കൽ വേസ്റ്റ് നിർമ്മാർജ്ജനത്തിനും നടപടി സ്വീകരിക്കണം. തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ മാലിന്യ സംസ്കരണത്തിനായി ബ്രഹ്മപുരത്ത് അഞ്ച് ഏക്കർ സ്ഥലം അനുവദിക്കുന്നതിനും മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയ സർക്കാർ ആശുപത്രി കാക്കനാട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. ടി. വി. ഇബ്രാഹിം)</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. മാലിന്യ പ്രശ്നം രൂക്ഷമായിരിക്കുന്ന കാലഘട്ടത്തിൽ ഈ ബിൽ അവതരിപ്പിച്ചത്

അവസരോചിതമാണെങ്കിലും ബില്ലിലെ ചില വ്യവസ്ഥകൾ പുന: പരിശോധിക്കേണ്ടതുണ്ട്. മാലിന്യം അലക്ഷ്യമായി നിക്ഷേപിക്കുന്നത് റിപ്പോർട്ട് ചെയ്യുന്ന വ്യക്തികളുടെ പേരുവിവരം രഹസ്യമായി സൂക്ഷിക്കുകയും മതിയായ ബോധവത്കരണം നടത്താതെ മാലിന്യ സംസ്കരണ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ മേൽ അമിത പിഴ ചുമത്തുന്നത് ഒഴിവാക്കുകയും വേണം. മാലിന്യ സംസ്കരണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്ക് നൽകുന്നതോടൊപ്പം അത് അഴിമതിരഹിതമായാണ് നിറവേറ്റുന്നതെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തണം. മാലിന്യ സംഭരണത്തിന് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾക്കായി മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം മുനിസിപ്പാലിറ്റികൾക്ക് അനുവദിക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണം. ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം ഇ-വേസ്റ്റ് സംസ്കരണത്തിന് പ്രത്യേക സ്ട്രാറ്റജി തയ്യാറാക്കുകയും വേണം. മൂല്യവർദ്ധിത വസ്തുക്കളാക്കാൻ കഴിയുന്ന മാലിന്യങ്ങൾക്കായി വേസ്റ്റ് ബേസ്ഡ് ഇൻഡസ്ട്രിയൽ പ്രോജക്ട് യൂണിറ്റ് എല്ലാ ജില്ലകളിലും സ്ഥാപിക്കുവാനും അതിനായി പ്രത്യേക ഫണ്ട് നൽകുവാനും തയ്യാറാകണം.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിക്കായി സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കാനും ഈ രംഗത്ത് ജോലി ചെയ്യുന്നവർക്ക് ആകർഷകമായ ശമ്പളം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാനും സാധിക്കണം. സി.എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തി ബിൽ പരിഷ്കരിക്കണം.

ശ്രീ. വി. ശശി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വാഴൂർ സോമൻ): 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 01.03.2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഉറവിടമാലിന്യ സംസ്കരണം ജനങ്ങളുടെ ഉത്തരവാദിത്വമാക്കിയും മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നവർക്ക് ആയിരം മുതൽ പതിനായിരം രൂപവരെ പിഴ ചുമത്തിയും മാലിന്യം വലിച്ചെറിയുന്നത് റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്ക് പാരിതോഷികം നൽകണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചും ബിൽ കൊണ്ടുവന്നിരിക്കുന്നത് സ്വാഗതാർഹമാണ്. മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ടി കേന്ദ്രങ്ങളുടെ സമീപത്തുതാമസിക്കുന്ന ജനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ

കെട്ടിടനികുതി ഒഴിവാക്കണമെന്നും ക്ഷേമപദ്ധതികൾ ലഭ്യമാക്കണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് സ്വാഗതാർഹമാണ്. റോഡ് വക്കിലും സർക്കാർ ഓഫീസുകളുടെ പരിസരത്തും കാണപ്പെടുന്ന ഉപയോഗശൂന്യമായ വാഹനങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ആലോചിക്കണം.

ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ): 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മാലിന്യസംസ്കരണത്തിനായി നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നിയമത്തിന്റെ പിൻബലമില്ലാത്തതുമൂലം നിരവധി പ്രയാസങ്ങൾ നേരിടുന്നുണ്ട്. വീടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്ന ഹരിതകർമ്മസേനയ്ക്ക് അതത് ഭരണസമിതികൾ തീരുമാനിക്കുന്ന യൂസർഫീ നൽകാൻ എല്ലാവരും ബാധ്യസ്ഥരാണ്. ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി പ്രകാരം മാലിന്യസംസ്കരണ പ്രവർത്തനത്തിൽ ഉദ്യോഗസ്ഥർക്ക് കൃത്യമായ ഉത്തരവാദിത്തം നൽകിയിട്ടുണ്ട്. മതിയായ സംവിധാനം ഏർപ്പെടുത്താതെ പൊതുപരിപാടികൾ നടത്തി മാലിന്യങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ

നടപടി സ്വീകരിക്കുന്നതിന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാലിന്യസംസ്കരണത്തിനായി കേന്ദ്രീകൃത സംവിധാനം ആവശ്യമാണെങ്കിലും സംസ്കരണ കേന്ദ്രങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്തുടനീളം സ്വീവേജ് സംവിധാനം നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച മലിനജല സംസ്കരണ പ്ലാന്റ് കുറ്റമറ്റ രീതിയിലാണ് പ്രവർത്തിക്കുന്നത്. സെപ്റ്റിക് ടാങ്ക് വേസ്റ്റ് നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ ഒഴുക്കിവിടാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനുള്ള വ്യവസ്ഥ കൂടി ബില്ലിൽ ഉൾപ്പെടുത്തണം.

(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

ശ്രീ. അനൂപ് ജേക്കബ്: I move that-

" This House resolves to disapprove The Kerala Panchayat Raj (Amendment) Ordinance, 2023 (Ordinance No.4 of 2023)"

മാലിന്യവും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് ഗുരുതര പ്രതിസന്ധിയാണ് സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഗുരുതരമാണ്. പ്ലാസ്റ്റിക് കാരിബാഗ് നിരോധിച്ചെങ്കിലും ആയത് ഫലപ്രദമായി നടപ്പിലാക്കാൻ

സാധിച്ചിട്ടില്ലെന്നുള്ളത് വസ്തുതയാണ്. തോടുകളിലും വഴിയരികിലും സ്വീവേജ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സമീപമുള്ള കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നതിനുപകരം പ്ലാന്റിന്റെ പ്രവർത്തനത്തിൽ പിഴവുകൾ സംഭവിച്ചാൽ അതിനുത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പഞ്ചായത്തിന്റെ അനുമതിയോടുകൂടി മാത്രമെ ടി ആവശ്യത്തിലേയ്ക്കായി ഭൂമിയേറ്റെടുക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തണം. യൂസർഫീ നൽകാത്ത പൊതുജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങൾ നിഷേധിക്കുന്നതിനുപകരം അവരിൽനിന്നും പിഴ ഈടാക്കാനും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ താമസിക്കുന്നവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ എന്നിവരിൽ നിന്നും യൂസർ ഫീ പിരിക്കുന്നത് ഒഴിവാക്കാനും ഹരിതകർമ്മ സേനാംഗങ്ങൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനും മെഡിക്കൽ ചെക്കപ്പിനുള്ള സൗകര്യമൊരുക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മാലിന്യസംസ്കരണത്തിനായി ഫണ്ട്

അനുവദിച്ചിട്ടും നാമമാത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നത് പ്രതിഷേധാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഒന്നിലധികം പഞ്ചായത്തുകളെ ഏകോപിപ്പിച്ചുകൊണ്ട് മാലിന്യസംസ്കരണ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. മാലിന്യസംസ്കരണത്തിനാവശ്യമായ സംവിധാനമൊരുക്കാനുള്ള ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾക്കാണെന്ന നിയമം നിലനിൽക്കെ ഫണ്ടുണ്ടായിട്ടും വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് നടപ്പാക്കാത്തത് ഗൗരവതരമായ കാര്യമാണ്. പഞ്ചായത്തുകളിൽ മാലിന്യസംസ്കരണത്തിനുള്ള സ്ഥലം ലഭ്യമല്ലെങ്കിൽ സമീപത്തുള്ള മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും കോർത്തിണക്കി ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തണം. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പിഴ ചുമത്തുന്നതിനുള്ള ഉത്തരവദിത്വം പഞ്ചായത്ത് സെക്രട്ടറിയിൽ കേന്ദ്രീകരിക്കുമ്പോഴുണ്ടാകുന്ന അമിത ജോലിഭാരം ലഘൂകരിക്കുന്നതിനായി പഞ്ചായത്തുകളിൽ സ്റ്റാറ്റ്യൂട്ടറി ബോഡിയെ നിയമിച്ചാൽ കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കാൻ സാധിക്കും. യൂസർ ഫീ അടയ്ക്കാൻ വീഴ്ചവരുത്തുന്നവർക്ക് തദ്ദേശസ്ഥാപനങ്ങളിൽനിന്നും സേവനം നൽകുന്നത് തടയുമെന്നുള്ള

തീരുമാനം പുന:പരിശോധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി തുക അനുവദിക്കാത്തതിനാൽ പദ്ധതികൾ പൂർത്തീകരിക്കാനാകുന്നില്ല. ട്രഷറി നിയന്ത്രണം പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം. സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കണം.

ശ്രീ. ഐ. ബി. സതീഷ്: 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 11-02-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഈ നിയമനിർമ്മാണത്തിലൂടെ 'മാലിന്യമുക്തം നവകേരളം' എന്ന കാഴ്ചപ്പാടിന് പിൻബലമേകാനും ഖരമാലിന്യ സംസ്കരണത്തിനുവേണ്ടി കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് നടപ്പാക്കാനും ലെഗസി വേസ്റ്റ് നീക്കം ചെയ്ത് 45 ഏക്കർ ഭൂമി വീണ്ടെടുക്കാനും സാധിക്കും. 'വെൽത്ത് ഓൺ വേസ്റ്റ്' പദ്ധതിയിലൂടെ സ്കൂൾ കുട്ടികൾ മുഖേന മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാനായിട്ടുണ്ട്. വേർതിരിച്ച മാലിന്യങ്ങൾ കൈമാറുന്നതിനോ നിർദ്ദിഷ്ട സ്ഥലത്ത് നിക്ഷേപിക്കുന്നതിനോ ഗ്രാമപഞ്ചായത്തിന് യൂസർ ഫീ നൽകണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് ഉചിതമാണ്.

കാലാനുസൃതമായി ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടി അഭിനന്ദനാർഹമാണ്. സർക്കാർ ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെല്ലണമെന്ന ഉദ്ദേശത്തോടുകൂടി ആരംഭിച്ച വാതിൽപ്പടി സേവന പദ്ധതി വിജയകരമാണ്. കേരളത്തോടുള്ള കേന്ദ്ര അവഗണനയിൽ പ്രതിഷേധിച്ച് ഡൽഹിയിൽ നടത്തുന്ന സമരത്തിൽ അണിചേരാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. റോജി എം. ജോൺ: 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

അധികാരം പഞ്ചായത്ത് സെക്രട്ടറിയിലേയ്ക്ക് പൂർണ്ണമായി കേന്ദ്രീകരിക്കുന്നത് സംബന്ധിച്ച് പുനഃപരിശോധിക്കണം. നിയമം നടപ്പാക്കുന്നതോടൊപ്പം പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. ഏകീകരണം നടപ്പാക്കിയപ്പോൾ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകാതെ പുനർ വിന്യസിച്ചതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജനങ്ങൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കപ്പെടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം ഗ്രാന്റ് അനുവദിക്കണം.

എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ/പഞ്ചായത്ത് ഗ്രൗണ്ടുകൾ നിർമ്മിക്കാനോ നവീകരിക്കാനോ ഉള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ബില്ലിന്റെ ഉള്ളടക്കത്തിൽ ഊന്നിനിന്നുകൊണ്ടാണ് അംഗങ്ങളെല്ലാവരും സംസാരിച്ചത്. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് പിഴ ചുമത്താതിരിക്കാൻ കഴിയില്ല. മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും വ്യക്തികളുടെയും ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവ്വചിക്കുകയും അത് നിറവേറ്റാനാവശ്യമായ വ്യവസ്ഥകൾ ഉറപ്പാക്കുകയുമാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. മാലിന്യ നിക്ഷേപം തടയുന്നതിന് ബോധവൽക്കരണം മാത്രമല്ല അത് സംസ്കാരമായി മാറ്റുന്നതിന് എൻഫോഴ്സ്മെന്റ് കൂടി ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബി.പി.സി.എൽ.-ന്റെ 100 കോടി രൂപയുടെ 150 ടൺ മാലിന്യം പ്രതിദിനം സംസ്കരിച്ച് കംപ്രസ്ഡ് ബയോഗ്യാസാക്കി മാറ്റാനുള്ള പദ്ധതിക്ക് അംഗീകാരം നൽകുകയും ഇപ്പോൾ ടെണ്ടർ നടപടിയിലുമാണ്. ബ്രഹ്മപുരത്തെ മാലിന്യക്കൂമ്പാരം നീക്കം ചെയ്യാനുള്ള ബയോമൈനിംഗ്

പുനരാരംഭിക്കുകയും കൃത്യമായി അതിന്റെ റിവ്യൂ നടത്തുകയും ചെയ്യുന്നുണ്ട്. ബ്രഹ്മപുരം പൂങ്കാവനമാക്കാനുള്ള നടപടികളും അതിവേഗത്തിൽ പുരോഗമിക്കുകയാണ്. ബ്ലാക്ക് സോൾജിയർ ഫ്ലൈ പ്രോജക്ട് ഒരാഴ്ച്ചയ്ക്കുള്ളിൽ ആരംഭിക്കുന്നതാണ്. ഇടപ്പള്ളിയിൽ ആരംഭിച്ച തുമ്പൂർമുഴി മോഡൽ മാലിന്യ പ്ലാന്റിലെ ബയോമാലിന്യം സംസ്കരിച്ചുണ്ടാക്കുന്ന വളം അവിടെത്തന്നെ പച്ചക്കറി കൃഷിക്കും പൂക്കൃഷിക്കും ഉപയോഗിക്കുന്നുണ്ട്. ഹരിതകർമ്മസേനയ്ക്ക് യൂസർഫീ അടയ്ക്കാത്തവർ മറ്റൊരു സേവനം തേടുമ്പോൾ ഈ ഡ്യൂസ് ക്ലിയർ ചെയ്യേണ്ടിവരും എന്ന് മുനിസിപ്പൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിദരിദ്രരെ യൂസർഫീയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഹരിതകർമ്മസേന വാണിജ്യസ്ഥാപനങ്ങളിൽനിന്ന് ഈടാക്കുന്ന നിരക്കും വീടുകളിൽനിന്ന് ഈടാക്കുന്ന നിരക്കും വ്യത്യസ്തമാണ്. ഇ-വേസ്റ്റ്, ഇ.പി.ആർ., വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്നിവയുടെ കാര്യത്തിൽ സർക്കാർ പുരോഗമനപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബയോ മെഡിക്കൽ വേസ്റ്റിന്റെ പ്രശ്നം പരിഹരിക്കുന്നതിന് സാനിറ്ററി വേസ്റ്റ് ഇൻസിനറേറ്റർ ഉപയോഗിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാമ്പത്തികവർഷം 80 ശതമാനം പ്രോജക്ടുകൾക്ക് ടി.എസ്. നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. 'വേസ്റ്റ് ടു വെൽത്ത്' എന്ന കാഴ്ചപ്പാടാണ്

സർക്കാരിനുള്ളത്. മലിനജല സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചുവരുന്നു. സ്വകാര്യ ഏജൻസികളെയും സ്വകാര്യ മൂലധനത്തെയും ഈ രംഗത്തേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. 'മാലിന്യമുക്ത നവകേരളം' എന്ന ലക്ഷ്യത്തിനുവേണ്ടി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. എം.എൽ.എ.-മാർ ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കണം.

നിരാകരണ പ്രമേയങ്ങൾ സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും മേശപ്പുറത്തുവയ്ക്കുന്നു.

**ക്രമപ്രശ്നം**

ബിൽ ഓൺലൈൻ ഗെയ്മിംഗിനെ പ്രോത്സാഹിപ്പിക്കുമെന്നത് സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബില്ലിൽ ഖണ്ഡം 102 (എ) പ്രകാരം പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ കേരള സമൂഹത്തിന് ചേരുന്നതാണോയെന്ന് ആലോചിക്കണം. കുട്ടികളെ ഓൺലൈൻ മാഫിയയുടെ പിടിയിൽനിന്ന് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകുകയും അക്രമത്തിനും കൊള്ളയ്ക്കും പ്രേരിപ്പിക്കുകയും സാമ്പത്തിക ചൂഷണത്തിന് വിധേയമാകുകയും ചെയ്യുമെന്നുള്ളതുകൊണ്ടാണ്

കേന്ദ്ര ഐ.ടി. മന്ത്രാലയം ഇത്തരം ഗെയിമുകൾ നിരോധിച്ചത്. 1960-ലെ കേരള ഗെയ്മിംഗ് ആക്റ്റിന് വിരുദ്ധമായാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിലെ ഭാവിതലമുറ ഓൺലൈൻ ഗെയ്മിംഗിന് അടിമകളാകുന്നത് വലിയ അപകടവും ദൂരവ്യാപകമായ പ്രത്യാഘാതവും ഉണ്ടാക്കുമെന്നുള്ളതുകൊണ്ട് ഈ ബിൽ പിൻവലിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ജി.എസ്.ടി. കൗൺസിലിന്റെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 2024-ലെ കേരള ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ ഓൺലൈൻ ഗെയ്മിംഗിനെ പ്രോൽസാഹിപ്പിക്കുന്നില്ല. ജി.എസ്.ടി. കൗൺസിൽ നിലവിൽ വരുന്നതിനുമുമ്പ് ഓൺലൈൻ ഗെയ്മിംഗിന്റെ നികുതി ഗ്രോസ് വാല്യുവിന്റെ അടിസ്ഥാനത്തിലല്ല ചുമത്തിയിരുന്നത്. അതിൽ വ്യക്തത വരുത്താനാണ് നികുതി 28 ശതമാനമായി വർദ്ധിപ്പിച്ച് നിയമം കൊണ്ടുവരുന്നത്. ഈ ബിൽ ഓൺലൈൻ ഗെയ്മിംഗ് നിരോധിക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ യാതൊരു വിധത്തിലും ഹനിക്കുന്നില്ല. 1960-ലെ കേരള ഗെയ്മിംഗ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധവുമല്ല. കരട് ബില്ലിലെ 5-ാം ഖണ്ഡപ്രകാരം സംസ്ഥാന സർക്കാരിന് ഏതെങ്കിലും ഗെയ്മിംഗിനെ

നിരോധിക്കുവാൻ നിയമം നിർമ്മിക്കുന്നതിന് തടസ്സമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വാതുവെയ്പ്പ്, കാസിനോകൾ, ചൂതാട്ടം, കുതിരപ്പന്തയം, ഭാഗ്യക്കുറി, ഓൺലൈൻ മണിഗെയ്മിംഗ് എന്നിവ നിരോധിക്കാനോ നിയന്ത്രിക്കാനോ ക്രിമീകരിക്കാനോ നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് തടസ്സം വരാത്ത രീതിയിലാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

**റൂളിംഗ്**

മി.സ്പീക്കർ: ഈ ബിൽ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം തയ്യാറാക്കിയതാണെന്നും സമാനഭേദഗതികൾ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ ഇതിനോടകം നടപ്പിലാക്കിയെന്നും 1960-ലെ കേരള ഗെയ്മിംഗ് ആക്റ്റിന് വിരുദ്ധമല്ലെന്നും ഇത് ഒരു കാരണവശാലും ഓൺലൈൻ ഗെയ്മിംഗിനെ പ്രോൽസാഹിപ്പിക്കുന്ന ഒന്നല്ലെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ല.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. കെ. എം. അഷ്റഫ്): I move that- " This House resolves to disapprove The Kerala State Goods and Services Tax (Amendment) Ordinance, 2024 (Ordinance No. 1 of 2024)." ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിന്റെ ചുവടുപിടിച്ചാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ലഹരിയേക്കാളും ഭീകരമായി കുട്ടികൾ ഓൺലൈൻ ഗെയ്മുകൾക്ക് അടിമപ്പെടുന്നുവെന്നാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണ്ടെത്തൽ. സംസ്ഥാനത്ത് ഓൺലൈൻ ഗെയ്മുകൾ നിരോധിക്കുകയും കുട്ടികൾ അതിൽ അകപ്പെടാതെ

ജാഗ്രത പുലർത്തുകയും ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നടത്തുകയും വേണം.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഓൺലൈൻ മണിഗെയ്മിംഗുകളുടെ നികുതിബാധ്യതാ നിർദ്ദേശത്തെ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി എതിർക്കാത്തത് ഖേദകരമാണ്. ഓൺലൈനായി നടത്തുന്ന മണി ഗെയ്മിംഗ്, ഓൺലൈൻ ചൂതാട്ടം, ഓൺലൈൻ ലോട്ടറി തുടങ്ങിയവ ഗുരുതര പ്രത്യാഘാതമാണ് സമൂഹത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. ഓൺലൈൻ ഗെയ്മുകളിൽ അടിമപ്പെടുന്ന കുട്ടികൾക്കും യുവാക്കൾക്കുമിടയിലുണ്ടാകുന്ന ശാരീരിക, മാനസിക പ്രശ്നങ്ങളും വളരെ വലുതാണ്. കുട്ടികൾക്ക് ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ഇത്തരത്തിലൊരു നിയമ ഭേദഗതിയിലൂടെ അധാർമ്മികമായ ഓൺലൈൻ മണിഗെയ്മിംഗ് പ്രവണതകളെ വെള്ളപൂശുന്നത് ലജ്ജാകരമാണ്. ഓൺലൈൻ ചൂതാട്ടങ്ങൾ അനുവദിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ഓൺലൈൻ മണിഗെയ്മിംഗ് നിരോധനത്തിന് തമിഴ്നാട്

സർക്കാർ കൊണ്ടുവന്ന മാതൃകയിൽ ശക്തമായ ഒരു നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകണം.

ശ്രീ. എൻ. ഷംസുദ്ദീൻ: 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-04-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ലഹരിവ്യാപനത്തിന് സമാനമായി ഓൺലൈൻ മണിഗെയ്മിംഗ് ഗുരുതര സാമൂഹ്യപ്രശ്നമാണ് സൃഷ്ടിക്കുന്നത്. തമിഴ്നാട് സർക്കാർ കൊണ്ടുവന്ന മാതൃകയിൽ ഓൺലൈൻ മണിഗെയ്മിംഗ് നിരോധനത്തിന് ശക്തമായ നിയമനിർമ്മാണം നടത്താൻ കേരള സർക്കാർ തയ്യാറാകണം. സംസ്ഥാനത്ത് ക്ഷേമപ്രവർത്തനങ്ങൾ നിലച്ചതും റവന്യൂ-ധനക്കമ്മികൾ വർദ്ധിച്ചതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്തതും നവകേരള സദസ്സിൽ ലഭ്യമായ പരാതികൾ തീർപ്പാക്കാൻ സാധിക്കാത്തതും സർക്കാരിന്റെ പരാജയം വ്യക്തമാക്കുന്നതാണ്. തെറ്റായ സാമ്പത്തിക നയങ്ങളും അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുമാണ് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം.

ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. എൻ ഉണ്ണിക്കൃഷ്ണൻ): 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഓൺലൈൻ ഗെയിമുകൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻവേണ്ടി കൊണ്ടുവന്നിട്ടുള്ള നികുതി നിർദ്ദേശം സ്വാഗതാർഹമാണ്. ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശാനുസരണം ചരക്ക് സേവന നികുതിയുടെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ ഓൺലൈൻ ഗെയ്മിംഗ് മേഖലയിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സാധിക്കും. അന്തർസംസ്ഥാന ചരക്ക് വിൽപ്പനയിൽനിന്ന് ലഭിക്കേണ്ട അർഹതപ്പെട്ട തുക സമയബന്ധിതമായി കേരളത്തിന് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് നയങ്ങളാണ് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്നത്. വികസന സൂചികകളിലുള്ള മികവ് പരിഗണിച്ച് കേരളത്തിന്റെ വിഹിതം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഓൺലൈൻ ഗെയ്മിംഗ് മേഖലയുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങളെ പിന്തുണയ്ക്കുന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്.

ഓൺലൈൻ ഗെയ്മിൽനിന്ന് ലഭിക്കുന്ന ലാഭത്തിനാണ് നികുതി ഏർപ്പെടുത്തിയിരുന്നത്. മുഴുവൻ ഫേസ് വാല്യുവിന് നികുതി ഈടാക്കുന്ന തരത്തിൽ നിയമത്തിൽ കൃത്യത വരുത്തുകയാണ് ചെയ്തത്. ഇത്തരം ഗെയ്മുകൾ നിയന്ത്രിക്കണമെന്ന ശക്തമായ അഭിപ്രായമാണ് സർക്കാരിനുള്ളത്. ഓൺലൈൻ ഗെയ്മിംഗ്, മണി ഗെയ്മിംഗ്, ഗാംബ്ലിംഗ്, കാസിനോ എന്നിവയ്ക്കെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരെ നിയമം പാസ്സാക്കുന്ന കാര്യം പരിശോധിക്കാം. 2023-ലെ കേന്ദ്ര ചരക്ക് സേവന നികുതി (ഭേദഗതി) ആക്ടിലെ വ്യവസ്ഥകൾ ഏകീകരിക്കുന്നതിലേയ്ക്കായാണ് കേരള ചരക്ക് സേവന നികുതി ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.54-ന് പിരിഞ്ഞു.

****